**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2813** **12-07-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആനയുൾപ്പെടെയുള്ള വന്യമൃഗങ്ങൾ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകളിൽ ഇറങ്ങി വിനോദ സഞ്ചാരികൾക്കും പ്രദേശവാസികൾക്കും ഭീഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അത്തരം പ്രദേശങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്നറിയിക്കാമോ; | (ബി) | അത്തരം പ്രദേശങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനായി താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.<br>2. ദ്രുതകർമ്മസേനയുടെ സേവനം<br>3. എസ്.എം.എസ്. അലർട്ട് സംവിധാനം.<br>4. വന്യജീവികളുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിനും പ്രദേശവാസികളെ അറിയിക്കുന്നതിനുമായുള്ള വാട്സ്ആപ്പ് കൂട്ടായ്മ.<br>കൂടാതെ ടി കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് വന്യമൃഗങ്ങളുടെ സ്വൈരവിഹാരം നടത്തുന്ന പ്രദേശങ്ങളെക്കുറിച്ചും സ്ഥിരമായി യാത്രചെയ്യുന്ന സഞ്ചാര പാതയെക്കുറിച്ചുമുള്ള വിശദമായ മുന്നറിയിപ്പ് ബന്ധപ്പെട്ട ഗൈഡുകളും സംരക്ഷണ വിഭാഗം ജീവനക്കാരും നൽകിവരുന്നുണ്ട്. |
| (സി) | 2021 -ൽ വന്യമൃഗങ്ങൾ എത്ര യാത്രികരെ ആക്രമിച്ച് പരിക്കേൽപ്പിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ? | (സി) | 2021-ൽ കാട്ടുപന്നി, ആന, പുലി, മാൻ, മയിൽ എന്നീ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ സതേൺ സർക്കിളിലെ തിരുവനന്തപുരം, പുനലൂർ, കോന്നി ഡിവിഷനുകളിൽ 14 പേർക്കും, നോർത്തേൺ സർക്കിളിലെ സൗത്ത് വയനാട് ഡിവിഷനിൽ 4 പേർക്കും, സെൻട്രൽ സർക്കിളിലെ തൃശ്ശൂർ, മലയാറ്റൂർ, ചാലക്കുടി ഡിവിഷനുകളിൽ 18 പേരുൾപ്പെടെ ആകെ 36 യാത്രികർക്ക് പരിക്കേറ്റിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ